**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5482** **24-03-2025 - ൽ മറുപടിയ്ക്ക്**

**ന്യൂ കട്ട് റെഗുലേറ്റർ പുതുക്കിപ്പണിയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ കടലുണ്ടിപ്പുഴയിലെ ജലം ന്യൂ കട്ട് റെഗുലേറ്റർ, മണ്ണട്ടംപാറ തടയണ ഇവയുടെ ശോചനീയാവസ്ഥ കാരണം ഉപയോഗശൂന്യമായി അറബിക്കടലിലേക്ക് ഒഴുകിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ന്യൂ കട്ട് റെഗുലേറ്ററിൽ വേനലിന്റെ ആരംഭത്തോടെ മരപ്പലകകൾക്കിടയിൽ മണ്ണിട്ടാണ് ജലസംഭരണം നടത്തുന്നത്. ജലനിരപ്പ് കുറഞ്ഞ് ഒഴുക്കിന്റെ ശക്തി കുറയുന്നതോടെ മാത്രമേ മരപ്പലക സ്ഥാപിച്ച് ജലസംഭരണം സാധ്യമാകുകയുള്ളൂ. ജലസേചന വകുപ്പിന് കീഴിലുള്ള മണ്ണട്ടാംപാറ വിയർ കം ലോക്കിന്റെ കാലപ്പഴക്കം മൂലം ജലസംഭരണ കാര്യക്ഷമത കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജലം ഉപയോഗയോഗ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | **ന്യൂകട്ട് കനാലിനു കുറുകെ നിലവിലുള്ള റെഗുലേറ്റർ ദേശീയ ജലപാതാ മാനദണ്ഡങ്ങൾക്കനുസരിച്ച് ലോക്ക് കം റെഗുലേറ്ററായി പുതുക്കിപ്പണിയുന്നതിനുള്ള മണ്ണ് പരിശോധന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന് കീഴിലുള്ള മണ്ണട്ടാംപാറ വിയർ കം ലോക്ക് പുതുക്കിപ്പണിയുന്നതുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന പ്രവൃത്തികൾ പൂർത്തിയാക്കി ടോപ്പോഗ്രാഫിക് സർവ്വെ നടത്തി വരുന്നു.** |
| (സി) | ന്യൂ കട്ട് റെഗുലേറ്റർ പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | **ന്യൂകട്ട് കനാലിനു കുറുകെ നിലവിലുള്ള റെഗുലേറ്റർ ദേശീയ ജലപാതാ മാനദണ്ഡങ്ങൾക്കനുസരിച്ച് ലോക്ക് കം റെഗുലേറ്ററായി പുതുക്കിപ്പണിയുന്നതിനുള്ള മണ്ണ് പരിശോധന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന് കീഴിലുള്ള മണ്ണട്ടാംപാറ വിയർ കം ലോക്ക് പുതുക്കിപ്പണിയുന്നതുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന പ്രവൃത്തികൾ പൂർത്തിയാക്കി ടോപ്പോഗ്രാഫിക് സർവ്വെ നടത്തി വരുന്നു.** |

സെക്ഷൻ ഓഫീസർ